ശ്രീ. ബി. മാധവൻ നായർ: എല്ലാ സഹകരണ സംഘങ്ങളുടേയും ആഡിറ്റു നടത്തുമ്പോഴും സ്റ്റോക്കു വാല്യൂ ആണ് തിട്ടപ്പെടുത്തുന്നത്. സാധനങ്ങളുടെ പട്ടിക പരിശോധിക്കുമ്പോഴും ഒരു കാലഘട്ടത്തിൽ പരിശോധിച്ച അതേ സാധനങ്ങളും തന്നെയാണോ പിന്നീടുള്ള പരിശോധനാ സമയത്തും ഉള്ളതെന്നു പരിശോധിക്കാതിരിക്കുന്നുണ്ട്. അതുകൊണ്ട് സ്റ്റോക്കു വാല്യൂവിന്റെ അടിസ്ഥാനത്തിൽ മാത്രം ആഡിറ്റു നടത്തുന്ന സംപ്രദായത്തിൽ മാറ്റം വരുത്തി സാധനങ്ങളുടെ കൂടി പരിശോധന നടത്തി സ്റ്റോക്കു രജിസ്റ്ററിൽ തിട്ടപ്പെടുത്തുന്ന ഒരേർപ്പാടു കർശനമാക്കാൻ ഗവൺമെന്റു നിർദ്ദേശം നൽകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ വസ്തുതയെ സംബന്ധിച്ച് എനിക്ക് നല്ലവണ്ണം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കാം.

ശ്രീ. പി. കുഞ്ഞൻ: മെമ്പറൻമാരും ഡയറക്ടർമാരും ഇല്ലാതെ ഗാന്ധി സേവാസംഘം സഹകരണസംഘം നടത്തുന്നതിന്റെ പേരിൽ അഴിമതി നടക്കുന്നുണ്ടെന്നും അന്വേഷണം നടത്തണമെന്നും കാണിച്ച് ഗവൺമെന്റിനു വല്ലനിവേദനവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പരിശോധിക്കാതെ പറയാൻ നിവൃത്തിയില്ല. എന്നാൽ ഗാന്ധി സേവാസംഘത്തെപ്പറ്റി ആരോപണങ്ങളും വന്നിരുന്നുവെന്നും അതിനെപ്പറ്റി അന്വേഷിക്കാൻ കൊടുത്തുവെന്നുമാണ് എന്റെ നേരിയ ഓർമ്മ.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: തൃശ്ശൂർ ചൂണ്ടൽ ഗ്രാമവ്യവസായ സഹകരണ സംഘത്തിന്റെ മുൻ പ്രസിഡൻറായിരുന്ന ദേഹം 25,000 രൂപ സ്വന്തം കീശയിലാക്കിയിട്ടുണ്ടെന്നുള്ള ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി ഗവൺമെന്റു സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അത് ആർബിട്രേഷനിൽ ഇരിക്കുകയാണെന്നാണ് ഗവൺമെന്റിന്റെ ഓർമ്മ. ആ സംഘം സൂപ്പർസീഡു ചെയ്യുകയുണ്ടായി. അതിനുശേഷം റെക്ടിഫിക്കേഷൻ ഓഫീസർ ആ സംഖ്യ ഈടാക്കാൻ വേണ്ടി ആർബിട്രേഷൻ ഫയൽ ചെയ്തു. അത് ഡെപ്യൂട്ടി രജിസ്ട്രാരുടെ കൈയിലിരിക്കുകയാണ്. അങ്ങനെ ഫയൽ ചെയ്ത സമയത്ത് അപ്പീൽ ഹർജി ഉണ്ടായി. അതു ഗവൺമെന്റ് തള്ളിക്കളഞ്ഞു. അതനുസരിച്ച് ആർബിട്രേഷൻ പ്രൊസീഡിംഗ്സ് മുന്നോട്ടു കൊണ്ടുപോകുമെന്നാണ് ഗവൺമെന്റുദ്ദേശിക്കുന്നത്.

മാനിലത്തിൽ ഉണവു നിലമെ

* 274. [961] ശ്രീ. എൻ. കണപതി: കീഴ് കാണും വിണ്ണക്കളുക്കു ഉണവു മന്തിരി അവർകൾ വിടൈ പകർവാർകളാക :

(എ) കേരള മാനിലത്തിറ്കു, 1969 ജനവരി 1-ന്തിയതി മുതൽ 1969 ആകസ്ട് 31-ന് തിയതി മുടിയ എവ്വളവു നെൽ, അരിചി, കോതുമൈ മുതലിയന മത്തിയ സർക്കാരിൽ ഇരുന്തും, ഏനൈയ മാനിലങ്കൾ ഏവ്വൈയുന്റിലും ഇരുന്തും വരവഴൈക്കപ്പട്ടന എന്റു കൂറലാമാ ;

(ബി) ഇന്ത താനിയങ്കൾ നമതു സർക്കാരിൻ കോടവുങ്കളിൽ തറ്പോതു എവ്വളവു സ്ടാക് ഇരുക്കിന്റന എന്റു കൂറപ്പടുമാ ;

LIBRARY ARCHIVES Kerala Legislative Assembly

(ങ) നമ്മുടെ മാനിലത്തിൽ തൽപോതു റേഷൻ കാർഡുകളുക്കു ഒരു യൂണിറ്റുക്കു എവ്വളവു അരിസി, കോതുമൈ മുതലിയവ നൽകപ്പടുകിൻറന;

(ച) എല്ലാ റേഷൻ കാർഡുകളുക്കും സേർത്തു എത്തനൈ യൂണിറ്റുകൾ ഉൾളവ എൻറു കൂറപ്പടുമാ;

(ഇ) തൽപോതുള്ള സ്ടാക് നിലവരപ്പടിയും, യൂണിറ്റുകളിൻ കണക്കു അനുചരിത്തും എവ്വളവു താനിയുങ്കൾ ഒവ്വൊരു യൂണിറ്റുക്കും കൊടുക്കലാം എൻറു കണക്കാക്കപ്പട്ടുള്ളതു?

ഗതാഗത മന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ):

(എ) സംസ്ഥാന ഗവൺമെൻറ് കേന്ദ്ര സർക്കാരിൽ നിന്നോ മറ്റു സംസ്ഥാനങ്ങളിൽ നിന്നോ നേരിട്ട് അരിയോ ഗോതമ്പോ നെല്ലോ വരുത്താറില്ല. കേന്ദ്ര സർക്കാർ മിച്ച സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര വിഹിതത്തിലേക്കുള്ള അരി സംഭരിക്കുകയും അപ്രകാരം സംഭരിക്കുന്ന സ്റ്റോക്കിൽ നിന്നും ഒരു നിശ്ചിത സ്റ്റോക്ക് കേരളത്തിലേക്ക് ഫുഡ് കോർപ്പറേഷൻ മുഖേന നൽകുകയുമാണു ചെയ്യുന്നത്. കൂടാതെ മറ്റു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന അരിയിൽ നിന്നും കേരളത്തിന് അരി നൽകാറുണ്ട്. ഇപ്രകാരം കേരളത്തിന് കേന്ദ്രത്തിൽ നിന്നും 1969 ജനുവരി ഒന്നാം തീയതി മുതൽ ആഗസ്റ്റു 31-ാം തീയതി വരെ ലഭിച്ച അരിയുടെ കണക്ക് താഴെ ചേർക്കുന്നു.

ആന്ധ്രാ പ്രദേശ്	67,409 ടൺ അരി
മദ്ധ്യ പ്രദേശ്	134,620 ,,
മദ്രാസ്	5,362 ,,
ഉത്തർപ്രദേശ്	23,305 ,,
പഞ്ചാബ്	24,528 ,,
ഒറീസ്സാ	105,350 ,,
ഹരിയാനാ	2,188 ,,
കേരളത്തിനു വെളിയിലുള്ള ഫുഡ് കോർപ്പറേഷൻ ഡിപ്പോകളിൽ നിന്ന് ഇറക്കുമതി	16,668 ,,
	193,791 ,,
ആകെ	573,221 ടൺ അരി

ഗോതമ്പ് ഫുഡ് കോർപ്പറേഷൻ ഡിപ്പോയിലുള്ള സ്റ്റോക്കിൽ നിന്നും കേന്ദ്ര ഗവൺമെൻറ് അലോട്ടു ചെയ്യുകയാണ് പതിവ്. അങ്ങനെ മേൽപറഞ്ഞ കാലയളവിൽ ആകെ 149,000 ടൺ ഗോതമ്പ് കേരളത്തിൻറെ വിഹിതമായി കിട്ടിയിട്ടുണ്ട്.

മേൽപറഞ്ഞ കാലയളവിൽ കേന്ദ്ര കോട്ടായിൽ നിന്നു നെല്ലു ലഭിച്ചിട്ടില്ല.

(ബി) ഈ ധാന്യങ്ങളൊന്നും തന്നെ സർക്കാർ നേരിട്ട് സ്റ്റോറു ഗവൺമെൻറ് ഗോഡൗണുകളിൽ സ്റ്റോക്കു ചെയ്യാറില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതും ഇറക്കുമതിയിൽ കൂടി കിട്ടുന്നതുമായ ധാന്യങ്ങൾ ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽ അവർതന്നെയാണ് സ്റ്റോറാക്കു ചെയ്യുന്നത്. 9-10-1969-ൽ ഫുഡ് കോർപ്പറേഷൻ ഡിപ്പോകളിൽ 123,458 ടൺ അരിയും 16,943 ടൺ ഗോതമ്പും സ്റ്റോറാക്കുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) യൂണിറ്റ് ഒന്നിന് 80 ഗ്രാം അരിയും 80 ഗ്രാം ഗോതമ്പുമാണ് ഇപ്പോഴം നൽകുന്നത്. ഈ തോത് 18-10-1969 കൊണ്ടവസാനിക്കുന്ന ആഴ്ചവരെ തുടരുന്നതാണ്.

(ഡി) 38,530,163 യൂണിറ്റുകളാണുള്ളത്.

(ഇ) ഇപ്പോഴം നൽകി വരുന്ന തോതനുസരിച്ച് പ്രതിമാസം 78,000 ടൺ അരിയും ഗോതമ്പിന്റെ ചെലവനുസരിച്ച് ശരാശരി 12,000 ടൺ ഗോതമ്പുമാണ് വേണ്ടിയിരിക്കുന്നത്. ഇന്നുള്ള അരിയുടെ സ്റ്റോക്ക് ഏകദേശം 7 ആഴ്ചത്തേയ്ക്ക് മാത്രമേ മതിയാകുകയുള്ളു. ഗോതമ്പ് ഏകദേശം 6 ആഴ്ചക്കാലത്തേയ്ക്കും. എന്നാൽ അടുത്ത മാസങ്ങളിൽ എത്ര അരി ലഭിക്കുമെന്നുള്ളതിനെക്കുറിച്ച് കേന്ദ്രത്തിൽനിന്നും യാതൊരു വിവരവും ഇല്ലാത്തതിനാലും ഈ മാസവും അടുത്ത മാസവും ഇൻഡ്യയെ സംബന്ധിച്ച് പൊതുവേ പഞ്ഞ മാസങ്ങളാകയാലും എപ്പോഴും ഒരു കരുതൽ സ്റ്റോക്ക് കണ്ടുകൊണ്ടു മാത്രമേ അപ്പപ്പോഴം റേഷൻ തോത് നിശ്ചയിക്കുവാൻ സാധിക്കുകയുള്ളു.

ശ്രീ. എൻ. കണപതി: സർ, വെളിനാടുകളിലിരുന്ത് അരിസി പി. എൽ. 480 പിരകാരം അമെരിക്കാവിലിരുന്ത് എവ്വളവു കോതുമൈ നമതു സ്ടേട്ടുക്കു വരുകിറതു എൻപതൈ തെരിയപ്പടുത്തലാമാ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതിന്റെ കണക്ക് എനിക്കറിയുകയില്ല.

ശ്രീ. എൻ. കണപതി: സർ, തോട്ടം തൊഴിലാളികളുക്കു പല മാതങ്കളാക പച്ചരിസി കൊടുപ്പതും പുഴുങ്കൽ അരിസി കൊടുക്കാമലിരുപ്പതും ഇന്ത കവർമെൻട് തൊഴിലാളരുക്കു വിരോത മനപ്പാൻമൈയൈ മാറ്റി തോട്ടം തൊഴിലാളികളുക്കു പുഴുങ്കൽ അരിസി കൊടുക്കപ്പടുമാ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അരി കിട്ടുന്നതനുസരിച്ചാണ് വിതരണം നടത്തുന്നത്. പച്ചരിയാണു കിട്ടുന്നതെങ്കിൽ പച്ചരി വിതരണം ചെയ്യും. പുഴുക്കലരിയാണു കിട്ടുന്നതെങ്കിൽ പുഴുക്കലരി വിതരണം ചെയ്യും. തോട്ടം തൊഴിലാളികളോടു സ്നേഹമല്ലാതെ ഒരിക്കലും വിരോധമില്ല.

ശ്രീ. കെ. കരുണാകരൻ: കേരളത്തിൽനിന്നും 16000 ടൺ അരിയാണ് സംഭരിച്ചതെന്നു പറയുകയുണ്ടായി. ഇത് മൊത്തം സംഭരിച്ച കണക്കാണോ അതോ ഭാഗികമായുള്ള കണക്കാണോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ലെവിയുടെ ആകെ കണക്കല്ല. ഒരു നിശ്ചിത തീയതിക്കകം ശേഖരിച്ചതാണ്. മൊത്തത്തിലുള്ളതിന് വേറെ ചോദ്യം ചോദിക്കണം.

ശ്രീ. ബി. മാധവൻ നായർ: കഴിഞ്ഞ അസംബ്ലിയിൽ പൊന്തിവന്ന അഭിപ്രായങ്ങളെ തുടർന്ന് നാടനമുള്ള അരി വിതരണം ചെയ്യാതിരിക്കാൻ ആവശ്യമായ ഉത്തരവു പുറപ്പെടുവിക്കാമെന്നു പറയുകയും അതനുസരിച്ച് ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തപ്പോഴം ഈ നാടനമുള്ള അരി മുഴുവൻ റീട്ടയിൽ കടക്കാർക്ക് വിതരണം ചെയ്തു കഴിഞ്ഞിരുന്നു എന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അങ്ങനെ വിതരണം ചെയ്യുന്ന അരി കാർഡുടമകളം വാങ്ങിക്കാതിരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ സഭയിൽ അഭിപ്രായം പൊന്തിവന്ന ഉടനെതന്നെ കിട്ടാവുന്നിടത്തോളമുള്ള എല്ലാ ഉദ്യോഗസ്ഥൻമാരെയും പറഞ്ഞയച്ച് സർവ്വ ഡിപ്പോകളും പരിശോധിപ്പിക്കുകയും അവിടെ കണ്ടെത്തുന്ന അരി വിതരണം ചെയ്യരുതെന്ന് സ്റ്റോക്കു കണക്കാക്കിക്കൊണ്ട് നിർദ്ദേശം കൊടുക്കുകയും ചെയ്തു. ഒരു കടയിലെ കാർഡ് ഞാൻതന്നെ വാങ്ങിച്ചു പരിശോധിച്ചപ്പോൾ നാറുന്ന അരിയാണ് വിതരണം ചെയ്യുന്നതെന്നു മനസ്സിലാകുകയും അതു വിതരണം ചെയ്യരുതെന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഡെപ്യൂട്ടി കൃഷ്യമന്ത്രി ഇവിടെ വന്നപ്പോൾ ഈ മാറ്റിവയ്ക്കേണ്ടിവന്നിട്ടുള്ള അരിക്കുപകരം അരി തരണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ചില സ്ഥലങ്ങളിൽ പച്ചരി വിതരണംചെയ്യുന്നതുകൊണ്ട് പലരും അതു വാങ്ങിക്കാൻ വിസമ്മതം പ്രകടിപ്പിച്ചപ്പോൾ ഇനി പശുപ്പച്ചരിയേ വാങ്ങിക്കാൻ കഴിയുകയുള്ളു എന്നു പറഞ്ഞതായിട്ടാണ് അറിയുന്നത്. അതുകൊണ്ട് ഈ പശുപ്പച്ചരി വിതരണം ചെയ്യാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പച്ചരി നമ്മൾ ഉപയോഗിച്ചു ശീലിച്ചിട്ടില്ലെന്നുള്ളതേയുള്ള. അല്ലാതെ അതു കൊള്ളുകയില്ലെന്നു പറയാൻ പാടില്ല. പശയാകുന്നതാണെങ്കിൽ എവിടെയെങ്കിലും ഇരുന്ന് കേടായതായിരിക്കും. അങ്ങിനെ കേടുവന്ന പശുപ്പച്ചരി എവിടെയെങ്കിലും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുത്തിയാൽ അത് ഉടനെതന്നെ മാറ്റിവച്ചിട്ട് നല്ലതുകൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ വിതരണം ചെയ്യുന്നത് ഇറക്കുമതിചെയ്യുന്നതായ പച്ചരിയാണ്.

ശ്രീ. ഇ. ജോൺ ജേക്കബ്: റേഷൻകാർഡുകാർക്ക് വിതരണം ചെയ്യാതെ മിച്ചംവരുന്ന പശുപ്പച്ചരി ഗോഡൗണിൽ കൊണ്ടുപോയതിനുശേഷം അത് ബ്ലാക്ക്മാർക്കറ്റിൽ വിറ്റുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇപ്പോൾ ലഭിച്ച വിവരം എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അന്വേഷിച്ച് കർശനമായ നിയന്ത്രണം ഏർപ്പാടുചെയ്തുകളയാം.

ശ്രീ. കെ.എം. മാണി: പശുപ്പച്ചരി അവസാനിപ്പിക്കുമെന്ന് ഈ രാജ്യത്തെ ജനങ്ങളോട് ഐക്യമുന്നണി നടത്തിയ വാഗ്ദാനം 30 മാസം കഴിഞ്ഞിട്ടും നടപ്പിലാക്കിയിട്ടില്ലെന്നുള്ള ഗുരുതരമായ വീഴ്ച കണക്കിലെടുത്തുകൊണ്ട് എത്രയുംവേഗം ഈ പശുപ്പച്ചരിയുടെ വിതരണം അവസാനിപ്പിക്കുകയും പകരം നല്ല അരി വിതരണം ചെയ്യുകയും ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ പച്ചരി ബർമ്മയിൽ നിന്നും വരുന്നതാണ്. കാളിറ്റി പരിശോധിച്ചതിൽ നല്ലതാണെന്നു കാണുകയും ചെയ്തു. പശുപ്പച്ചരിയാകുന്നത് ഇരുന്നു പഴകി പൗഡറുപോലെ ആകുമ്പോഴോ മറ്റോ ആണ്. ഇത് മാറ്റിയിട്ട് നല്ലതുകൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. കോരൻ: അഖിലേൻഡ്യാനിലവാരത്തിൽതന്നെ വിളവ് വർദ്ധിച്ചിട്ടുണ്ടെന്നേ് ഗവൺമെൻറിന്റെ ഔദ്യോഗികകണക്കുകൾ വ്യക്തമാക്കുകയും അതനുസരിച്ച് ബഫർസ്റ്റോക്കുണ്ടാക്കുകയും നിയന്ത്രണത്തിൽതന്നെ അയവുവരുത്താൻ ആലോചിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇന്നു നമുക്കു കിട്ടിക്കൊണ്ടിരിക്കുന്നതായ അരിയുടെകാര്യത്തിൽ വർദ്നവുവരുത്താൻ കേന്ദ്രത്തിൽ ഈ ഗവൺമെൻറ് നിവേദനം നടത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: കേന്ദ്രഗവൺമെൻറിനോടും കേന്ദ്രമന്ത്രിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്നലെ പോലും, ഒന്നാംതീയതിവരെ തുടർന്നുപോകാനുള്ള സാദ്ധ്യതയില്ല അതുകൊണ്ട് കൂടുതൽ അരി ഉടനെ എത്തിക്കണമെന്ന് കേന്ദ്രത്തിലേക്ക് എഴുതിയിട്ടുണ്ട്.

ശ്രീ. കെ. ടി. ജേക്കബ്: കണ്ണൻദേവൻ കമ്പനിപോലുള്ള തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇന്നു കിട്ടുന്ന റേഷൻ ഒട്ടും മതിയാകാതിരിക്കുകയും കപ്പയോ മറ്റു ആഹാരസാധനങ്ങളോ കിട്ടാതിരിക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ അവരുടെ റേഷൻ അൽപമെങ്കിലും വർദ്ധിപ്പിക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: 160 കൊടുക്കാൻ കഴിയാത്തതുകൊണ്ട് 20 ഗ്രാമെങ്കിലും കൊടുക്കാൻ കഴിയുമോ എന്നുള്ളതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രത്യേകത അവിടത്തെ തൊഴിലാളികളും മനസ്സിലാക്കുമെന്നാണ് എന്റെ വിശ്വാസം. 160 ഗ്രാമും കൊടുക്കാൻ കഴിയുമെങ്കിൽ അതു കൊടുക്കാൻ സന്തോഷമേയുള്ളു. പക്ഷെ ഇന്നത്തെ സാഹചര്യത്തിൽ ഈ രീതിയിൽ മാത്രമേ കൊടുക്കാൻ കഴിയുകയുള്ളു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: പശപ്പച്ചരി എന്നു പറയുന്നത് കേടുവന്ന പച്ചരിയാണെന്നു പറയുകയുണ്ടായി. ഗവൺമെൻറ് ആഫ് ഇൻഡ്യാ സപ്ലൈചെയ്യുന്ന അരി ബ്രസീലിൽനിന്നും വരുന്ന അരിയാണ്, ഈ അരി ഇഷ്ടപ്പെടുന്ന ആളുകളും ഉണ്ട്. അതുകൊണ്ട് സാധാരണ തൊഴിലാളികൾക്ക് ഇത് വിതരണം ചെയ്യാതെ അതു ആവശ്യമുള്ളവർക്കുമാത്രം വിതരണംചെയ്യാൻ ഏർപ്പാടുചെയ്യുമോ ? ചീത്തയാണെന്നു പറഞ്ഞ് ഈ അരിയുടെ സപ്ലൈ ഇല്ലാതാക്കാതിരിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ കാര്യം പരിശോധിച്ച് എന്തു ചെയ്യാൻ കഴിയുമെന്നുള്ളതു നോക്കി ആവശ്യമുള്ളതു ചെയ്യാം.

ശ്രീ. എസ്. ദാമോദരൻ: പശപ്പച്ചരി മൂലം റേഷൻ കിട്ടാത്ത ഒരു സ്ഥിതിയാണ് ഇന്ന് പല സ്ഥലങ്ങളിലുമുള്ളത്. ഈ പശപ്പച്ചരി വിതരണംചെയ്യരുതെന്ന് പറഞ്ഞുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ഇനിയും ആലപ്പുഴ കിട്ടിയിട്ടില്ല. അതുകൊണ്ട് ഈ കാര്യം ഒന്നു പരിശോധിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതു നോക്കാം.

ശ്രീ. പി. ഗംഗാധരൻ: പച്ചരി വിതരണം ചെയ്യേണ്ടിവരുന്നത് അതു മാത്രമേ ഉള്ളു എന്നുള്ളതുകൊണ്ടാണെന്നു പറയുകയുണ്ടായി. പക്ഷെ പഴുക്കലരിയുള്ള സ്ഥലങ്ങളിൽപോലും സ്ഥിരമായി പച്ചരി വിതരണം ചെയ്തുവരുന്നുണ്ട്. മട്ടാഞ്ചേരി ഭാഗങ്ങളിൽ ഈ രീതിയിൽ സ്ഥിരമായി

LIBRARY ARCHIVES Kerala Legislative Assembly

പച്ചരി വിതരണം ചെയ്യുകയാണെന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇല്ലെങ്കിൽ ഇതുമാറാൻ ആവശ്യമായ നിർദ്ദേശം കൊടുക്കുമോ ? മട്ടാഞ്ചേരിയെ മറക്കരുത്.

ഡെ. സ്പീക്കർ: മട്ടാഞ്ചേരിയിൽ പച്ചരിതന്നെയണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: മട്ടാഞ്ചേരിയെ കേരളത്തിൽ യാതൊരാളും മറക്കുകയില്ല. അതു വേറെ കാര്യമാണ്. ഞാൻ പൊന്നാനിയിൽ ചെന്നപ്പോഴും ഇതുപോലുള്ള പരാതികൾ ഉണ്ടായി. ബർമ്മയിൽ നിന്നും കുറച്ചു പുഴുക്കലരിയേ വരുന്നുള്ളൂ. അത് എല്ലാ ജില്ലകളിലും വിതരണം ചെയ്യാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. ഒരു സമയത്ത് അത് എല്ലാ സ്ഥലങ്ങളിലും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഏതായിരുന്നാലും പുഴുക്കലരിമാത്രം കൊടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: പച്ചരി പുഴുക്കലരിയേക്കാൾ നല്ലതാണെന്നും കാൽസ്യം കണ്ടൻറ്സ് വളരെയധികം അടങ്ങിയിട്ടുണ്ടെന്നും എക്സിമാപോലുള്ള സുഖക്കേടുകൾക്ക് വളരെ നല്ലതാണെന്നും ഉള്ളതു കണക്കിലെടുത്തുകൊണ്ട് പച്ചരി ഇറക്കുമതി തടയുന്നതിന് ഇടയാകുന്ന പ്രവണത ഇല്ലാതാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

Deputy Speaker: That is supplying information.

ശ്രീ. ആർ. എസ്. ഉണ്ണി: അരിയുടെ ലഭ്യതയെ സംബന്ധിച്ച് നിശ്ചയമില്ലാത്തതുകൊണ്ട് കരുതൽ സ്റ്റോക്കു സൂക്ഷിക്കാറുണ്ടെന്നു മന്ത്രി പറയുകയുണ്ടായി. ഇപ്പോൾ നമ്മൾ എത്ര ടൺ അരിയാണ് കരുതൽ സ്റ്റോക്കായി സൂക്ഷിക്കുന്നത് ?

ശ്രീ. ഇ. കെ. ഇമ്പിച്ചബാവ: ഒന്നോ രണ്ടോ മാസത്തേയ്ക്കു വേണ്ടതും പിന്നെ കിട്ടുന്നതും സൂക്ഷിക്കുന്നുണ്ട്. രണ്ടു മാസത്തേയ്ക്കുള്ളതിൽ കൂടുതൽ നമ്മുടെ കൈയിൽ വരാറില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: തമിഴ്നാടിന്റെ അതിർത്തിയിലുള്ള എസ്റ്റേറ്റുകളോടു ബന്ധപ്പെട്ട സ്ഥലങ്ങളിൽനിന്നും രണ്ടേക്കറിൽ കൂടുതലുള്ള നിലങ്ങളിൽനിന്നും മാത്രം ലെവിയെടുത്താൽ മതിയെന്നുണ്ടെങ്കിലും മദിരാശിയിൽനിന്നും മറ്റും അരി കടത്തിക്കൊണ്ടുവരാനുള്ള സൗകര്യമില്ലാത്തതുകൊണ്ട് അവിടത്തെ തൊഴിലാളികൾക്ക് വേണ്ടത്ര അരി കിട്ടാതെവരുന്നുണ്ട്. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് ആ സ്ഥലങ്ങളിലുള്ള തോട്ടം തൊഴിലാളികൾക്കുള്ള റേഷൻ തോതിൽ കുറച്ചുകൂടി വർദ്ധനവു വരുത്താൻ തയ്യാറാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: റേഷൻ കൂട്ടിക്കൊടുക്കുന്ന പ്രശ്നമില്ല. പിന്നെ പുറമെനിന്നും അരികൊണ്ടുവരുന്നതിനുള്ള എൻ. ഒ. സി. ആവശ്യമുണ്ടെങ്കിൽ കച്ചവടക്കാർ സമീപിച്ചാൽ കൊടുക്കാവുന്നതാണ്. അവർക്ക് ലാഭവും കിട്ടും തൊഴിലാളികൾക്ക് അരിയും കിട്ടും.

കേരളത്തിലെ കർഷകത്തൊഴിലാളികളുടെ കൂലി

* 275 [962] ശ്രീ. എം. കെ. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly